


MIND SPLASH
SKHS
MATTATHUR
2019-20

o

–

# P. KESAVA MENON



# ആശംസ



ലോകം ഒരു വിരൽത്തുമ്പിൽ ചലിപ്പിക്കാൻ കഴിയുന്ന ഈ യുഗത്തിൽ നമ്മുടെ കുട്ടികളുടെ മഹത്തായ സംരംഭമാണ് ഈ മാഗസിൻ. ഈ മലയോരഗ്രാമത്തിന്റെ വശ്യതയും ചാരുതയും ഉൾക്കൊള്ളാൻ ഈ മാഗസിന് കഴിയുന്നുണ്ട്. ഓരോ സൃഷ്ടികളും വിദ്ധ്യാർത്ഥികളുടെ ചിന്തയിൽ ചിതറിത്തെറിച്ചുണ്ടായതാണ്. അതുകൊണ്ടുതന്നെ വിദ്യാർത്ഥികളുടെ സർഗശേഷിയുടെ പ്രതിഫലനമെന്നോണം നിർമ്മിക്കപ്പെട്ട ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**എം. മഞ്ജുള**

എച്ച്. എം

# EDITORS

STUDENT EDITORS:

Abel John

Abhinav Deepan

Sharon Pradheesh

Abhay Krishna

Romanso V R

Anwar M R

Vinay Jose

Ananthu T S

Alfred Joy

Ajay Krishna

Archa M G

Gouri Chandra

Anamika Keshav

Snehalatha K A

Varsha Jose

Saniya Jaison

Asna C A

Saniya Suresh

Riswana Sherif

Muhsina V A

# മുഖമൊഴി

മാതാപിതാക്കൾക്ക് അവരുടെ മക്കൾ എല്ലാവരെക്കാളും മുന്നിൽ എത്തണം എന്ന ആഗ്രഹിക്കുന്നതു പോലെ നമ്മുടെ വിദ്യാഭ്യാസ മന്ത്രി കേരളത്തിലെ വിദ്യാഭ്യാസം ഏതൊരു വികസിത രാജ്യത്തെയും വിദ്യാഭ്യാസത്തിനോട്ടും കിടക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട്ണ്ട് ഹൈടെക് വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്കരിച്ചു സ്കൂളിലെ ഹൈടെക് വിദ്യാഭ്യാസത്തിന് ഈടും പാവും നൽകുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ എളിയ സംരംഭം

# CONTENTS

1. നിന്നെ തേടിയുള്ള യാത്ര
2. പ്രക്രുതി
3. സ്നേഹത്തിൻ ആദ്യാക്ഷരം
4 അച്ഛൻ
5. മറക്കല്ലേ......
6. A MISTAKE
7. SMILES IN MORNING
8. തോരാത്തമഴ
9. TREES THE SOUL OF WORLD
10. ഭൂമിയുടെ നൊമ്പരം
11. കുഞ്ഞാലിപ്പാറ
12. ആ യാത്രയിൽ ഞാനറിഞ്ഞു
13. ഓർമ്മപ്പെടുത്തലുകൾ



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# നിന്നെ തേടിയുള്ള യാത്ര

ജീവിത ധ്യനിയിലെ പുസ്തക താളുകളിലൂടെയുള്ള യാത്ര .......
ഓരോ കുളിരിലും നർമ്മവും ദുഃഖവും ളുകിയ
ആദ്യാക്ഷരങ്ങൾ.......
ഈ പാതയിൽ യാത്ര അന്യോന്യം വിചിത്രമാണ്
ചിലർക്കതൊരു തേടലാണ് മറ്റു ചിലർക്ക് കണ്ടെത്തലുകൾ
വേറെ ചിലർക്ക് ഒളിച്ചോട്ടമാണ് പിന്നെ ഉള്ളവർക്ക്
ജീവിതവവും......
ഉത്തരമില്ലാത്ത ചോദ്യമായി ഞാൻ നിന്നെ തേടിയലയുന്നു
പക്ഷേ, നിന്നിൽ എത്തരുത് നിന്നെ തേടുന്നതിനേക്കാൾ
എനിക്കിഷ്ടം നിന്നെ തേടുന്ന ഈ യാത്രയാണ്
ജനനം മുതൽ മരണം വരെ അതൊരു സഞ്ചാരമാണ്....

ഗൗരിനന്ദന എ എസ്



Kerala Infrastructure and Technology for Education

# School gallery




















Kerala Infrastructure and Technology for Education

# പ്രകൃതി

നക്ഷത്രദൂളികയെ തൊട്ടുണർത്തി നിൽക്കുന്ന മലനിരകളും പച്ച പരവധാനിയിൽ തെളിഞ്ഞ് ഉദിച്ചുവരുന്ന സൂര്യനും അലതല്ല വീഴുന്ന വെള്ളച്ചാട്ടങ്ങളും എല്ലാമായിരുന്നു മനുഷ്യനില്ലാത്ത ഭൂമിയുടെ സൗന്ദര്യം. ഭൂമിയുടെ സൗന്ദര്യം. ഭൂമി ഉത്ഭവിച്ച് കഴിഞ്ഞ് അനേകം വർഷങ്ങൾക്കു  ശേഷമാണ് ആദ്യകാല മനുഷ്യന്റെ ജനനം. ഇതിൽ മനുഷ്യന്റെ സംസ്കാരത്തിന് വെറും 5000 വർഷങ്ങളുടെ പഴക്കം മാത്രം.

ജീവിതധ്വനിയിലെ ഓരോ കുളിരിലും ദു:ഖത്തിലും ആദ്യം മനുഷ്യൻ ആശ്രയിച്ചത് പ്രക്രുതിയാണ്. കാലങ്ങൾ പലതും കടന്നുപോകുമ്പോൾ മനുഷ്യന് പ്രക്രുതിയോടുള്ള ബന്ധം അകന്നു പോയിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ഓരോ അണുവിലും മനുഷ്യർ പ്രക്രുതിയിൽ നിന്നും വിട്ടുപോവുകയാണ് . മുത്തശ്ശി കഥകൾ എന്നപോലെ പ്രക്രുതിയും ഒരു കഥയായി മാറാൻ അധികം സമയം ഒന്നും വേണ്ട.

- അതുൽ കൃഷ്ണ

# സ്നേഹത്തിൻ ആദ്യാക്ഷരം

ഉച്ചമയക്കം കഴിഞ്ഞപ്പോൾ അമ്മ അടുക്കളവാതിൽ തുറന്നു. അലക്കിയുണക്കിയ ഷർട്ടും ട്രൗസറും ധരിച്ച് മുടി ചീകാനൊന്നും നിൽക്കാതെ ദീപു അങ്ങോട്ടെത്തി.

“മോൻ ഈ വഴിക്ക പൊക്കോളൂ"അമ്മ പറഞ്ഞു. "പൂമുഖത്ത് അച്ഛൻ കിടക്കുന്നുണ്ടാകും. കാണണ്ട”.

ദീപു ഒരു പൂച്ചയെപ്പോലെ ഉമ്മറപ്പടി താണ്ടി മുറ്റത്തെത്തി.

"നിക്ക...” പെട്ടെന്ന് മുണ്ടിന്റെ കോന്തലയഴിച്ച് അതിൽ ചുരുട്ടിത്തിരുകിയിരുന്ന ഇരുപതു രൂപ അമ്മ പുറത്തെടുത്തു. അത് ദീപുവിന്റെ കീശയിൽ വച്ചുകൊടുത്തു.

"വിശക്കുമ്പം വല്ലതും വാങ്ങിക്കഴിച്ചോ”. ദീപു അത് പുറത്തേക്കെടുത്ത് അതിൽ ഒന്ന് നോക്കികൊണ്ട് വീണ്ടും കീശയിൽ തന്നെ ഭദ്രമായി വച്ചു.

"പിന്നെ... സന്ധ്യയാവുമ്പോഴേക്കും വരണം. അച്ഛനെ നിനക്ക് നന്നായി അറിയാലോ...” അമ്മ അവനൊരു താക്കീത് കൊടുത്തു.

"ഞാൻ വരാം അമ്മേ...” ദീപു വിളിച്ചു പറഞ്ഞു.

പതുക്കെ നടന്ന് പടി കടന്നപ്പോഴാണ് ശ്വാസം നേരെ വീണത്. ഇനി ഉത്സവം കഴിഞ്ഞു വന്നിട്ടല്ലേ. അതപ്പോൾ നോക്കാം. വലിയ ബഹളത്തിലേക്കൊന്നും പോകരുതെന്ന വിലക്ക് അവന് രാവിലെ തന്നെ കിട്ടിയിരുന്നു. മീനച്ചൂടിൽ ചുട്ടുപഴുത്തു കിടക്കുന്ന ചരൽ പറമ്പ്. അതിന്റെ ഒരു ഭാഗത്തായി അവൻ ഒതുങ്ങി മാറി

നിന്നു. അവൻെറ മനസ്സിലപ്പോൾ മീനവെയിൽ കത്തിപ്പടരുകയായിരുന്നു.

ഉത്സവപ്പറമ്പിൻെറ ഒരു ഭാഗത്തായി കുപ്പിവളക്കടകൾ... കളിപ്പാട്ടക്കടകൾ...അവിടേക്കെല്ലാം ഒന്നു കണ്ണോടിച്ചശേഷം ദീപു പതുക്കെ തൻെറ കീശ തപ്പിനോക്കി. പറമ്പിൻെറ മറ്റൊരു ഭാഗത്തായി സംഭാരം കൊടുക്കുന്ന സ്ഥലമുണ്ട്. ആളുകൾ അവിടെ നിന്ന് ഓരോ ഗ്ലാസ് സംഭാരം വാങ്ങി കുടിക്കുന്നു. അവൻ ധൃതിയിൽ ഒരു ഗ്ലാസ് സംഭാരം വാങ്ങി കുടിച്ചു. ദാഹം ശമിക്കാനായി ഒരു ഗ്ലാസ്സുകൂടി ചോദിച്ചപ്പോൾ സംഭാരം വിളമ്പുന്ന ആളുകളുടെ കൂട്ടത്തിലുള്ള ഒരാൾ അവനെ നോക്കി കണ്ണുരുട്ടി. ഗ്ലാസ്സ് അവിടെതന്നെ വെച്ച് അവൻ അവിടെ നിന്നു നീങ്ങി. അമ്മ തന്ന കാശിന് എന്തെങ്കിലും വാങ്ങി കഴിച്ചാലോ...

അങ്ങനെ നിൽക്കുമ്പോഴാണ് അവൻ തൻെറ കൂടെ പഠിക്കുന്ന രാജിയെ കാണുന്നത്. അച്ഛൻെറ കൂടെയാണ് അവൾ വന്നിട്ടുള്ളത്.

"ദീപൂ..ഞങ്ങൾ പോവ്വാണ്, വീട്ടിൽ അമ്മയ്ക്ക് സുഖല്ല്യ". അച്ഛൻെറ കൈപിടിച്ച് അവൾ യാത്രയായി. ആ യാത്ര കണ്ട ദീപുവിൻെറ മുഖം വാടി. അച്ഛൻ കൂടെയുണ്ടായിരുന്നെങ്കിൽ എന്തൊരു രക്ഷയാണ്.... അച്ഛനെയെന്നും അവന് ഭയമാണ്. അമ്മയെ എപ്പോഴും ഒരുപാട് ശകാരിക്കുന്ന ഒരച്ഛനെയാണ് അവൻ കണ്ടിട്ടുള്ളത്. "പാവം എൻെറ അമ്മ". ഇതെല്ലാമോർത്ത്

ദീപുവിന്റെ ഉള്ളം വിങ്ങി. ആനകളുടെ നെറ്റിപ്പട്ടത്തിലും തിടമ്പിലും പോക്കുവെയിൽ പൊന്നുരുക്കി. പഞ്ചവാദ്യത്തിന്റെ കൂട്ടപ്പെരുക്കത്തിൽ ആ തിളക്കം അവന്റെ മനസ്സിൽ സങ്കടം നിറച്ചു.

ഉത്സവപ്പറമ്പിൽ അവൻ ഒറ്റയ്ക്കു നിന്നു. അവന് വല്ലാതെ വിശക്കുന്നുണ്ടായിരുന്നു. പറമ്പിന്റെ പലഭാഗത്തുമുള്ള ഭക്ഷണക്കടകൾ അവനെ മാടിവിളിച്ചു. അതിനിടയിൽ വള, മാല. ചാന്ത്, കൺമഷി എന്നിവ വിൽക്കുന്ന കടയ്ക്കരികിൽ എത്തവെ ദീപുവിന്റെ കാലുകൾ നിന്നു. അവൻ ഓരോന്നും സൂക്ഷിച്ചുനോക്കി. അവസാനം ഒരു മാലയെടുത്തുയർത്തി.

"ഇതിനെന്താ വില?”

"ഇരുപത്തഞ്ചുരൂപ".

പൊള്ളലേറ്റതുപോലെ മാല അവൻ തിരികെ വച്ചു.

"ചെക്കാ, എന്തു തരും"

എന്താണ് പറയുക? കയ്യിലാകെയുള്ളത് ഇരുപതുരൂപ, വിശന്നിട്ടും വയ്യ.

"പതിനഞ്ചുരൂപ".

"ശരി, ഇരുപതുരൂപ താ".

അവൻ കയ്യിലിരുന്ന ഇരുപതുരൂപയെടുത്ത് അയാൾക്കുനേരെ നീട്ടി. കടക്കാരൻ മാലയെടുത്തു പൊതിഞ്ഞു. പൊതി ട്രൗസറിന്റെ കീശയിൽ ഭദ്രമായി വച്ചു. നേരം ഇരുട്ടി തുടങ്ങുന്നു.

ഇപ്പോൾ അച്ഛൻ എഴുന്നേറ്റിരിക്കുമോ? ചെക്കനെവിടേന്ന് അലറുന്നുണ്ടാകുമോ? ദീപു വേഗം വീട്ടിലേക്കു നടന്നു. വീട്ടിലെത്തിയപ്പോൾ അച്ഛൻ ഉണർന്നിട്ടില്ല. അവൻ ശബ്ദമുണ്ടാക്കാതെ അകത്തു കയറി. അപ്പോഴാണ് അവന്റെ ശ്വാസം നേരെ വീണത്. അമ്മ ഓടിവന്ന് അവനെ ഒന്ന് തലോടി. അപ്പോഴാണ് മാലയുടെ കാര്യം അവന് ഓർമ്മ വന്നത്. അവൻ ട്രൗസറിന്റെ കീശയിൽ കയ്യിട്ട് പൊതിയെടുത്ത് അമ്മയ്ക്കു നൽകി. അമ്മ വിറയ്ക്കുന്ന കൈകൾക്കൊണ്ട് പൊതിയഴിച്ച് മാല പുറത്തെടുത്തു.

അമ്മ അവനെ വാരിപ്പുണർന്നു. അമ്മയുടെ കണ്ണിലൂടെ ചുടുകണ്ണീർ ഒഴുകി. ഇടനെഞ്ചു പൊട്ടിക്കൊണ്ട് ആ അമ്മ പറഞ്ഞു- "എന്റെ മകൻ".

കൃഷ്ണേന്ദു.

# അച്ഛൻ

വിഷ്ണു ഭഗവാൻറെ തിരുസന്നിധിയിൽ നിന്നു
മടങ്ങുന്ന നേരത്ത് മനസ്സ് ഒന്നു വെറുതേ വിതുമ്പി ....
എന്തിനെന്നറിയില്ല എന്തിനെന്നറിയില്ല എൻറെ മനസ്സ് ഒന്നു
വെറുതേ വിതുമ്പി
വിജനമാം പാതയിൽ മൂകനാം നിൽക്കുന്ന വൃദ്ധനെ ഞാനൊന്നു
കണ്ടുമുട്ടി.
എൻറെ ഹൃദയത്തിൽ നിന്ന് വരുന്ന കണ്ണീർ തുള്ളിയെ പോലെ
ഞാൻ എൻറെ അച്ഛനെ സ്നേഹിച്ചിരുന്നു.
അച്ഛൻ മരിച്ച് ഒരു കാലം മുതൽക്കേ എനിക്ക് അച്ഛൻ എന്നാൽ!
വെറും ഓർമ്മയായി
വിജനമാം പാതയിൽ ഞാൻ കണ്ട വൃദ്ധൻ എന്നിലെ അച്ഛൻറെ
ഓർമ്മകൾ ചികഞ്ഞെടുത്തു.

അതുൽ കൃഷ്ണ വി





KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# മറക്കല്ലേ......

മാറുന്ന കാലത്തിൻ – ഭോഗത്തിൻ മഞ്ചലിൽ
ചാഞ്ചാടി നമ്മളുറങ്ങിടുമ്പോൾ
മാനവാ നീയറിയാതെ പോകുന്നു
ഇനിയുണ്ടു മക്കൾ നമുക്കു പിൻപേ .

പുണ്യരാം പൂർവികർ ചേർത്തുവച്ച
കാലണത്തുട്ടുകൾ ആർക്കു വേണ്ടി ?
വിശക്കും വയറിനെ വരിഞ്ഞു കെട്ടി
മണ്ണിൽ കിളച്ചതാർക്കുവേണ്ടി ?

കരയാതെ മക്കളുറങ്ങീടുവാൻ
ഉള്ളിൽ കൊതിച്ചവരാണവരും
മക്കൾ വളരുന്ന കാഴ്ച കാണാൻ
കൺചിമ്മാതെ കാവൽകാരായി മാറി .

സ്വാർത്ഥരായ് മർത്യർഭവിച്ചിടുമ്പോൾ
തേങ്ങലോടന്നവർ പടിയിറങ്ങും
അന്തിയുറങ്ങുവാൻ പീടിക തിണ്ണകൾ
തേടിയലഞ്ഞവരെരിഞ്ഞിടുന്നു .

വേഗേന മർത്യാ മിഴി തുറക്കൂ.......
മോഹാന്ധകാരത്തെയകറ്റീടു നീ.......
ജീവിത സന്ധ്യയിൽ താങ്ങായി മാറുവാൻ
നിൻ മക്കളിൽ നന്മതൻ വിത്തു പാകൂ .

അർച്ചന.കെ.വി

# A MISTAKE

If a teacher make a mistake
it's a new theory.
If a barber make a mistake
it's a new hair style.
If a tailor make a mistake
it's a new fashion.
If a scientist make a mistake
it's an invention.
If a driver make a mistake
it's an accident.



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# *SMILES IN MORNING*

Glittering rays of sun
Touching the shining flowers
Smiles, they smiles
They happily smiles
I smiles, we smiles
The whole world smiles
Together

Cool rain drops
Washed the grass, the trees
And the plants

They smiles, the earth
Smiles, the whole
Nature smiles
How happy the earth is!
It is all the hands of GOD

By
Aswathy.A.S



Kerala Infrastructure and Technology for Education

# തോരാത്തമഴ

അവളുടെ കണ്ണുകൾ നിറഞ്ഞിട്ടുണ്ടായിരുന്നു.തന്റെ അച്ഛന്റെ മരണം വിശ്വസിക്കാനാവാതെ ആ മരണവീട്ടിലെ ഒരു ത്തണിൽ ചാരി അവൾ അങ്ങനെ ഇരുന്നു.ആരും എന്തു ചോദിച്ചാലും അവൾക്ക് മറുപടി ഉണ്ടായിരുന്നില്ല.തന്റെ ജീവിതത്തിൽ സന്തോഷിക്കാൻ അവൾക്ക് പറ്റിയിരുന്നില്ല.ആകെ ഉണ്ടായ സന്തോഷം സ്വന്തം മാതാപിതാക്കളായിരുന്നു.ഇന്നിതാ അതിലൊന്ന് എരിഞ്ഞ് തീരാറായിരിക്കുന്നു.ആ മരണവീട്ടിലെ തിക്കിന്റേയും തിരക്കിന്റേയും ഇടയിൽ നിശബ്ദത പാലിച്ച് ഒരു മൂലയിൽ അവൾ കരഞ്ഞുകൊണ്ടേയിരുന്നു.



അവൾക്കു താഴെ ഒരു അനിയനാണ് പിന്നെ ആ വീട്ടിലുള്ളത് അമ്മയും.അവരെ സന്തോഷിപ്പിക്കുക എന്നത് ഇപ്പോൾ അവളുടെ കർത്തവ്യം ആണ്. എന്നാൽ മരണവീട്ടിൽ സന്തോഷത്തിന് എന്ത് പ്രസക്തി. അവളുടെ അച്ഛന്റെ മരണം ആ അമ്മക്കു വളരെ അധികം നോവുണ്ടാക്കി. മാറിൽ തല്ലിക്കൊണ്ട് ആ അമ്മ കട്ടിലിലേക്ക് കമിഴ്ന്നു. മരണദിവസം മുഴുവനും ആ കട്ടിലിൽ നിന്നും എഴുന്നേറ്റിട്ടില്ല. എഴുന്നേറ്റ് നടക്കാൻ ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല , മറിച്ച് എന്നന്നേക്കുമായ് തളർന്നു പോയത് കൊണ്ടാണ്.

ആ അമ്മയുടെയും രണ്ടു മക്കളുടേയും ജീവിതം അങ്ങനെ പോവുകയാണ്.....

സങ്കടത്തിന്റെയും ,പ്രശ്നങ്ങളുടേയും , ദാരിദ്രത്തിന്റെയും നടുവിൽ ഇഴഞ്ഞ് നടക്കാൻ ശ്രമിക്കുന്ന ഒരു കുഞ്ഞു പുഴുവിനെ പോലെ...... അവളുടെ അമ്മക്ക് ഇനി അവരെ പോറ്റാൻ സാധിക്കില്ല.അനുജനാണെങ്കിൽ കളിച്ചുല്ലസിക്കുന്ന



Kerala Infrastructure and Technology for Education

പ്രായം.ഇനി ഇവരെ നോക്കേണ്ടത് താനാണ് എന്ന് അവൾക്ക് മലസ്സിലായി.ബന്ധുക്കളുടെ,അയൽക്കാരുടെ ഈ സങ്കടക്കടലിൽ നിന്നും തന്നെ കരയിലേക്ക് എത്തിക്കാൻ പറഞ്ഞാൽ ആരും തയ്യാറാവില്ല.അതുകൊണ്ട് 'സ്വന്തം കാര്യം മറ്റുള്ളവരുടെ സഹായം കൊണ്ട് ചെയ്യാൻ പാടില്ല' എന്ന അച്ഛന്റെ വാക്കുകൾ ഓർത്തുകൊണ്ട് അവൾ ജീവിതത്തെ കരപിടിപ്പിക്കാൻ ഒരു വഴി കണ്ടെത്തി.

കഠിനധ്വാനം കൊണ്ടും,സത്യസന്ധതകൊണ്ടും അവൾ തന്റെ പ്രതിസന്ധികളെയെല്ലാം നേരിട്ടു. എങ്കിലും അവളുടെ ദു:ഖങ്ങൾ അവളെ പിരിഞ്ഞ് പോയില്ല. ആ ദു:ഖങ്ങൾ ഒരു കൂടപ്പിറപ്പെന്ന പോലെ അവളെ സ്നേഹിച്ചുകൊണ്ടെ ഇരുന്നു........... എല്ലാവരുടെയും മുൻപിൽ അവൾ ചിരിച്ചുകൊണ്ടേ ഇരുന്നു. എന്നാൽ ആ ചിരിയുടെ മറവിൽ കണ്ണീരും തുളുമ്പുന്നുണ്ടായിരുന്നു എന്നത് ആരും മനസിലാക്കിയിരുന്നില്ല. അവളുടെജ ജീവിതത്തിൽ ദു:ഖങ്ങൾ ഒരു തോരാ മഴ പോലെ വന്നിരിക്കുകയാണ്. ചിലപ്പോൾ കാറ്റിന്റെ ശക്തിയാൽ ആ മഴ ആഞ്ഞുപെയ്യുന്ന വരും. എന്നാൽ ചിലപോൾ മാത്രം സൂര്യ പ്രകാശത്തിന്റെ സഹായത്താൽ മഴയ്ക്ക് ഒരിത്തിരി ശമനം കിട്ടും. എങ്കിലും കാർമേഘവും , ചാറ്റൽ മഴയും ഇന്നും , എന്നും അവളുടെ ജീവിതത്തിൽ ഉണ്ട് , മുൻപ് ദു:ഖങ്ങൾ ഉണ്ടായത് വീട്ടിൽ നിന്നും ആയിരുന്നു . ഇന്നിതാ സമൂഹത്തിൽ നിന്നും ദു:ഖങ്ങളുടെ പെരുമഴ പെയ്യുന്നു.........

ഈ തോരാ മഴയ്ക്ക് എന്നെങ്കിലും ഒരു ശമനമുണ്ടാകും ......... അവൾ ജീവിക്കുകയാണ് പ്രതീക്ഷയുടെ വേരുകൾ പിടിച്ചുകൊണ്ട് .....

---മാളവിക. ടി. എസ്



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# TREES THE SOUL OF WORLD



Trees trees trees
A world full of trees
Green green green
A world full of green

By killing the trees
The world goes to deep
Deep deep deep
Deep to the Death

By,
Lena.K.L



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ഭൂമിയുടെ നൊമ്പരം

എൻെറ മേൽ മണ്ണ് മാന്തി നീ എൻെറ
അടിവാരം പാറപൊട്ടിച്ച നീ
നിൻെറ ഭവനത്തിനടിത്തറപാകി
എൻെറ തണലായ മരത്തിനെ മുറിച്ച നീ
എൻെറ ജലാശയത്തെകുഴിച്ച നീ
ഓർത്തില്ല  നീ എന്നെ ഒരുനാൾ
തീരാമഴപെയ്തിറങ്ങുമെന്ന്
ഓർക്കുക നീ വല്ലപ്പോഴും....................

**ANWAR**



Kerala Infrastructure and Technology for Education

# കുഞ്ഞാലിപ്പാറ

മറ്റത്തൂർ എന്ന ചെറുഗ്രാമത്തിലെ മലയോട് ചേർന്ന് നിൽക്കുന്ന പ്രദേശമാണ് കുഞ്ഞാലിപ്പാറ[1] .നാട്ടുകാരുടെ ഹൃദയത്തിൽ ഇടം പിടിച്ച കുഞ്ഞാലിപ്പാറ ഇന്ന് മരിച്ചുകൊണ്ടിരിക്കുകയാണ്.മരണത്തിലേക്ക് വഴുതിവീഴുന്ന കുഞ്ഞാലിപ്പാറയെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ഒത്തുചേർന്നിരിക്കുന്നത് ഈ നാട്ടിലെ ജനങ്ങൾ തന്നെയാണ്.ഇനി നമുക്ക് കുഞ്ഞാലിപ്പാറയുടെ ജീവിതത്തിലേക്ക് ഒന്ന് എത്തിനോക്കാം.........

## കുഞ്ഞാലിപ്പാറ – ഖനന – സാമൂഹിക – പാരിസ്ഥിക പ്രത്യാഘാതങ്ങൾ



കുഞ്ഞാലിപ്പാറയിൽ നിലനിന്നുവരുന്ന ഖനന പ്രവർത്തനങ്ങൾ ജനജീവിതം ദുസ്സഹമാക്കുന്നു.ഈ പ്രവർത്തനങ്ങൾ വായു,ജലം,മുതലായവയുടെ മലിനീകരണത്തിന് കാരണമാകുന്നു.പാറപ്പൊട്ടിക്കൽ പ്രവർത്തനങ്ങൾ നടക്കുമ്പോഴുണ്ടാകുന്ന പൊടി വായു മലിനീകരണത്തിന്

1തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിലെ സ്ഥലം



Kerala Infrastructure and Technology for Education

കാരണമാകുന്നു.ഭൂഗർഭ ജലം വറ്റുകയും,ഇവിടെ നിന്ന് ഒഴുകി പോകുന്ന ജലം അടുത്ത പ്രദേശങ്ങളിലെ വീടുകളിലെ കിണർ മലിനമാക്കുകയും ചെയ്യുന്നു.അനധികൃതമായ ഖനന പ്രവർത്തനങ്ങൾ മണ്ണിൻെറ ഫലപുഷ്ടിയും വളക്കൂറും നഷ്ടപ്പെടുത്തുന്നു.ഇവ വിളനാശത്തിൽ നിന്ന് കാർഷിക മുരടിപ്പിലേക്ക് നയിക്കുന്നു.മാത്രമല്ല,പാറപ്പൊട്ടിക്കൽ നടക്കുമ്പോഴുണ്ടാകുന്ന അതികഠിനമേറിയ ശബ്ദം ശബ്ദമലിനീകരണത്തിലേക്കും നയിക്കുന്നു.ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ആളുകൾക്ക് പല രോഗങ്ങളും പിടിപ്പെട്ടിട്ടുണ്ട്.ഉദാഹരണമായി ശ്വാസകോശസംബന്ധമായ അസുഖങ്ങൾ,ക്യാൻസർ മുതലായവ.ഇത് മനുഷ്യരുടെ മാത്രമല്ല മറ്റു പക്ഷികളേയും മൃഗങ്ങളേയും ശല്ല്യം ചെയ്യുന്നു.അവരുടെ സ്വൈര്യവിഹാരത്തിന് തടസ്സം നിൽക്കുന്നു.

ഇങ്ങനെ പ്രശ്നങ്ങളുടെ പട്ടിക നീളുന്നു.ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾ പ്പെടുത്തിയിരിക്കുന്ന ഈ കുഞ്ഞാലിപ്പാറയിൽ നടന്നുവരുന്ന അനധികൃത കയ്യേറ്റ പ്രവർത്തനങ്ങൾക്കെതിരെ ഇനിയും കണ്ണുംകെട്ടി ഇരുന്നാൽ പോരാ..ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ഇനിയും കണ്ണുതുറന്നില്ലെങ്കിലും..................!ഇവിടെ മറ്റൊരു കവളപ്പാറയും പുത്തുമലയും ഉടലെടുക്കാതിരിക്കട്ടെ എന്ന പ്രാർത്ഥനയോടെ..........

-സ്നേഹ മോൾ കെ എം



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ആ യാത്രയിൽ ഞാനറിഞ്ഞു

" ആ യാത്രയിൽ ഞാൻ  അറിഞ്ഞു
എന്നമ്മയാം  അമ്മതൻ
പച്ചവസ്ത്രം കീറുന്നതായെങ്ങും
നിറം മങ്ങി മായുന്നുവെന്നും

തിളങ്ങിന്നിരുന്ന പച്ചയും
പ്രകൃതിശോഭയും മാഞ്ഞിതാ
കാർമുടിക്കെട്ടും നീല കളകളംപാടി
രസിക്കും   നദികളും ചീഞ്ഞളിഞ്ഞു.

ആ യാത്രയിൽ അമ്മതൻ തലോടലാം
കുളിർക്കാറ്റുകൊള്ളുവാൻ മലശിരസ്സറ്റുത്തുനിന്നനേരം
വെട്ടുന്നെന്നമ്മതൻ പച്ചയവിടെയും
എന്നായാത്രയിൽ അറിഞ്ഞു ഞാൻ.

വെറുതേവിടുന്നില്ലെന്നമ്മതൻ കണ്ണുകൾ
പറയാം അമ്മതൻ കൺ ചുരന്നെടുക്കുന്നവർ
എല്ലാം സഹിച്ചിരുന്നെന്നമ്മയെന്നാൽ
ഇന്നില്ല സഹനമെന്നമ്മയ്ക്ക്.

കോപിച്ചു  പ്രളയമായെന്നമ്മ
ആ യാത്രയിൽ കണ്ടുഞാൻ പലരെയും

വീടില്ല  വിണ്ണില്ല വിരഹംമാത്രംഇനിബാക്കിയായ്
പൊട്ടാത്തനെഞ്ചിനെ പൊട്ടിത്തെറിപ്പിച്ച്
അമ്മതൻ കോപം ക്രൂരമായ്, എന്നിനിതോന്നിടേണ്ട
വീടിനുമുന്നിൽ  തളിർത്തുനിൽക്കുന്ന

വീടിനുമുന്നിൽ  തളിർത്തുനിൽക്കുന്ന
മരങ്ങളെവെട്ടിമാറ്റി, പാടം നിരത്തി
കുന്നിടിച്ചിട്ടു, കുളവും പുഴകളും
നിരത്തി ഇനിയെന്നമ്മതൻ
ക്രൂരതയായ്  ഇതൊട്ടും  തോന്നിടേണ്ട

കുളമില്ല  മരമില്ല  മുറ്റമോ എല്ലാം
ടൈലിനാൽ  നിറഞ്ഞിരിക്കുന്നു
ഇനിയിതൊന്നുമെന്നതാൻ  ക്രൂരതയായ്
കാണുകയെന്തിനാവശ്യം

ആ യാത്രയിൽ  അറിഞ്ഞുഞാൻ
ക്രൂരതകാട്ടിയതെന്നമ്മയല്ല
നാംതന്നെനാംതന്നെ ഏറ്റുപറയാം
മാറ്റിടാം  മാറ്റിടാം സ്നേഹിക്കുഅമ്മതൻ
സ്നേഹത്തെയിനിമുതൽ

നാംതന്നെ നാംമാത്രംമാക്രൂരത
ചെയ്തതെന്നറിഞ്ഞു ഈ
യാത്രയിൽ  ഞാൻ ഈ
നീണ്ട എൻ യാത്രയിൽ "

- കൃഷ്ണപ്രിയ . ഐ. ആർ

# ലഹരിക്കെതിരെ...

- എന്താണ് ലഹരി?

  ലഹരി എന്ന വാക്കിൻെറ നിർവചനം നമ്മുടെ ശരീരത്തിൻെറ ഉള്ളിലേക്ക് പ്രവേശിച്ച് ശരീരത്തിൽ ചില രാസപരിണാമങ്ങളുണ്ടാക്കി തലച്ചോറിൽ ചില വ്യതിയാനങ്ങൾ സൃഷ്ടിച്ച് അതുവഴി ആ വസ്തുവിനോട് അടിമത്വമുണ്ടാക്കാൻ പ്രാപ്തമായ ഏതൊരു വസ്തുവിനേയും നമുക്ക് ലഹരി എന്ന പറയാം.

- ഇന്നത്തെ തലമുറ ധാരാളമായി ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നുണ്ടോ?

  ഉണ്ട്. ലഹരി ഉപയോഗം ഇക്കാലങ്ങളിൽ വളരെ കൂടുതലാണ്.

- ഏത് വയസ്സിലുള്ളവരാണ് കൂടുതലും ലഹരി ഉപയോഗിക്കുന്നത്?

  ചെറുപ്പക്കാരും, വിദ്യാർത്ഥികളുമാണ് കൂടുതലും ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നത്.

- ഏത് തരം ലഹരിവസ്തുക്കളാണ് കൂടുതലും ഉപയോഗിക്കുന്നത്?

  മുൻകാലങ്ങളിൽ മദ്യവും, പുകവലിയുമാണ് കൂടുതലായും ഉപയോഗിച്ചിരുന്നത്. എന്നാൽ യുവതലമുറ ഇത് കൂടാതെ മയക്കമരുന്ന് വ്യാപകമായി ലഹരിക്കായി ഉപയോഗിക്കുന്നു.

- ഏത് തരം മയക്കമരുന്നുകളാണ് കൂടുതലും ഉപയോഗിക്കുന്നത്?

  ഹാൻസ്, കഞ്ചാവ്, ബ്രൗൺ ഷുഗർ, കൊക്കെയിൻ, LSD സ്റ്റാമ്പുകൾ എന്നിവയും, ഇത് കൂടാതെ തന്നെ കുട്ടികളുടെ ഇടയിൽ ഇപ്പോൾ ധാരാളമായി കണ്ടുവരുന്ന ചില ലഹരി വസ്തുക്കളുണ്ട്. പെട്രോൾ, ഡീസൽ, പശ, വൈറ്റ്നർ എന്നിവ മണപ്പിക്കുക, ചിലതരം മിഠായികൾ ഉപയോഗിക്കുക, ക്യാൻസർ രോഗികൾക്ക് നല്കുന്ന വേദനസംഹാരികൾ, ചുമയ്ക്കുള്ള കഫ് സിറപ്പുകൾ, മാനസികരോഗികൾക്ക് നല്കുന്ന ഗുളികകൾ എന്നിവയും ഉപയോഗിച്ചുവരുന്നു.



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

- കുട്ടികളിലെ ലഹരി ഉപയോഗം ഇപ്പോൾ വർദ്ധിച്ചു വരുന്നുണ്ടോ?

ഉണ്ട്. ഇപ്പോൾ കുട്ടികളിലെ ലഹരി ഉപയോഗം വളരെ കൂടുതലാണ്. പ്രത്യേകിച്ചും, ആഘോഷവേളകളിൽ ലഹരി ഉപയോഗിക്കുക എന്നുള്ളത് കുട്ടികളിൽ സർവ്വസാധാരണമായിരിക്കുകയാണ്.

- കൗമാരക്കാരിൽ കൂടുതലായി കണ്ടുവരുന്നത് എന്ത് തരത്തിലുള്ള ലഹരി ഉപയോഗമാണ്?

സിഗററ്റ്, ഹാൻസ് തുടങ്ങിയ പുകയില ഉൽപ്പന്നങ്ങളാണ് കുട്ടികൾ കൂടുതലായി ആദ്യം ഉപയോഗിക്കുന്നത്. പിന്നീട് മദ്യത്തിലേക്കും, മയക്കുമരുന്നിലേക്കും അവർ തിരിയുന്നു.

- മയക്കുമരുന്ന് ഉപയോഗിക്കുവാൻ കുട്ടികളെ കൂടുതലും പ്രേരിപ്പിക്കുന്നതെന്താണ്?

പുകയിലയും, മദ്യവും മറ്റും ഉപയോഗിച്ചാൽ അവയുടെ മണത്തിലൂടെ അവ ഉപയോഗിച്ചിട്ടുണ്ടോ എന്ന് പെട്ടെന്ന് തിരിച്ചറിയാം. എന്നാൽ മയക്കുമരുന്ന് ഉപയോഗിച്ചാൽ പെട്ടെന്ന് തിരിച്ചറിയില്ല എന്നതാണ് കൂടുതൽപേരും മയക്കുമരുന്ന് തെരഞ്ഞെടുക്കുവാൻ കാരണം.

- ലഹരി വസ്തുക്കൾക്ക് ഒരാൾ അടിമപ്പെടുന്നതെങ്ങിനെ?

ഇന്നത്തെ തലമുറ എല്ലാം ലഹരിയായി കാണാനാണ് ഇഷ്ടപ്പെടുന്നത്. ലഹരി വസ്തുക്കൾ ഉപയോഗിക്കുമ്പോൾ തലച്ചോറിലുള്ള ഡോപ്പമിൻ എന്ന രാസവസ്തു കൂടുന്നു. ഡോപ്പമിനാണ് നമുക്ക് സന്തോഷം പകർന്ന് തരുന്നത്. ഡോപ്പമിൻെറ അളവ് കൂടുമ്പോൾ വീണ്ടും അത് ഉപയോഗിക്കുവാൻ ഉള്ള പ്രവണത കൂടുന്നു. അങ്ങനെ അതിന് അടിമപ്പെടുന്നു.

- ഒരു ലഹരി വസ്തുവിൽ നിന്ന് മറ്റൊന്നിലേക്ക് മാറുന്നതെങ്ങിനെ?

ഏതൊരു ലഹരി വസ്തുവും സ്ഥിരമായി ഉപയോഗിച്ച് കുറച്ച് കഴിയുമ്പോൾ ആദ്യം കിട്ടിയിരുന്ന ലഹരിയിൽ കൂടുതൽ അവർക്ക് ആവശ്യമായി വരുന്നു. അപ്പോൾ കൂടുതൽ ലഹരി കിട്ടുന്ന മറ്റ് വസ്തുക്കൾ ഉപയോഗിക്കുന്നു.

- കഞ്ചാവ് ഉപയോഗിച്ചാലുണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?

കഞ്ചാവ് മാത്രമല്ല ഏതൊരു ലഹരി വസ്തുവും ഉപയോഗിച്ചാൽ അത്തരക്കാർക്ക് ശാരീരിക, മാനസിക പ്രശ്നങ്ങൾ ഉണ്ടാകും. കുടുംബത്തിൽ

മാനസിക രോഗങ്ങൾ വന്നിട്ടുള്ള, ജനിതകമായി മാനസിക രോഗങ്ങൾ വരാൻ സാധ്യതയുള്ള വ്യക്തികൾ കൗമാര പ്രായത്തിൽ കഞ്ചാവ് ഉപയോഗിച്ചാൽ അവർക്ക് ഗുരുതരമായ മാനസിക രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്.

- ലഹരി വസ്തുക്കൾ കൂടുതലായി ഉപയോഗിക്കുന്ന കുട്ടികളിൽ എന്തെല്ലാം മാറ്റങ്ങളാണ് കാണാൻ കഴിയുക?

സ്കൂളിൽ കൃത്യമായി പോകാതിരിക്കുക, സ്കൂളിലേക്കാണെന്നും പറഞ്ഞ് മറ്റെവിടേയ്ക്കെങ്കിലും പോകുക, സ്വഭാവത്തിൽ പെട്ടെന്ന് മാറ്റങ്ങളുണ്ടാകുക, ദേഷ്യം, പൊട്ടിത്തെറി, നിരാശ എന്നിവയുണ്ടാകുക, മുറിയടച്ചിരിക്കുക, പഠനത്തിൽ പിന്നോക്കം പോകുക, സംസാരം കുറയുക എന്നിവയെല്ലാം ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരിൽ കാണാം.

ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം മൂലം വളരെയധികം ആളുകൾ സാമൂഹികമായും, സാമ്പത്തികമായും, ശാരീരികമായും, മാനസികമായും ധാരാളം പ്രശ്നങ്ങൾ നേരിടുന്നു. ലഹരിക്ക് അടിമപ്പെട്ടു കഴിഞ്ഞാൽ പിന്നെ ഏതുവിധേനയും അത് ലഭിക്കുന്നതിനായി ശ്രമിക്കുകയും, അതുവഴി മോഷണം, പിടിച്ചുപറി, കൊലപാതകം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്യും.

യുവതലമുറയെ കാർന്ന് തിന്നുന്ന ഈ മഹാവിപത്തിനെതിരെ പോരാടുന്നതിന് ഞങ്ങൾ ഓരോരുത്തരും ലഹരി ഉപയോഗിക്കില്ലെന്ന് ദൃഢനിശ്ചയം ചെയ്യേണ്ടതും, ലഹരിക്കെതിരെ സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതും, മാതാപിതാക്കളും ഇത്തരം ലഹരിയുടെ മേഖലകളെ ആശ്രയിക്കാതിരിക്കേണ്ടതും, പോലീസ് നടത്തുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ സഹകരിക്കേണ്ടതുമാണ്.

**സീമ എം. എസ്**
**സീനിയർ സിവിൽ പോലീസ് ഓഫീസർ**
**ജില്ലാ ക്രൈം റിക്കാർഡ്സ് ബ്യൂറോ,**
**തൃശ്ശൂർ റൂറൽ.**

# ഓർമ്മപ്പെടുത്തലുകൾ

ജീവിത ധ്വനിയിൽ കാൽപ്പതിച്ച്
കിരണമാം സ്വപ്നങ്ങൾ നെയ്തെടുത്ത്
ഏകാഗ്രയായി നടന്ന കാലം
ഒരു കൊച്ചു പൂവിതൾ പുഷ്പിച്ചു നിൽക്കവേ
ക്ഷോഭിച്ചുനിൽക്കുന്ന തളിർക്കാറ്റ്
മായാ ലോകമാം മാനന്തവാടിയിൽ
മായപോലെ ക്ഷുഭിതയായി ഞാൻ
എന്തിനോവേണ്ടി ഞാൻ അലയുന്നു
അന്ത്യമില്ലാ അലച്ചിൽ
എന്തിനെന്നറിയാതെ എങ്ങോട്ടെന്നറിയാതെ
ഞാനോർത്തു : കാറ്റിൽ പറക്കുന്ന അപ്പൂ -
പ്പൻ താടിയായ് മാറിയെങ്കിൽ .
ഹരിതലോകത്തെ വർണ്ണമാം കാഴ്ച്ചകൾ
എനിക്കു മിഴികൾ സമ്മാനിക്കുമായിരുന്നു .
ദു:ഖത്തിൽ വേരായ് മുളച്ചുപൊന്തിയ തടസ്സങ്ങൾ
ഒരുറവിടം കണ്ടെത്താൻ ഞാൻ യാത്രയായി
ഞാൻ ആഗ്രഹിച്ചു ഒരു പൂമ്പാറ്റയായ് മാറിയിരുന്നെങ്കിൽ
സ്വപ്നങ്ങൾക്കൊണ്ട് ചിറകുകൾ -
നെയ്തെടുക്കാൻ സാധിച്ചേനേ .
യാത്രയായ് എൻ മനസ്സ്



Kerala Infrastructure and Technology for Education

എങ്ങോട്ടെന്നറിയാതെ...........
എന്തിനാണ് ഈ അലച്ചിലുകൾ
ഉത്തരം കിട്ടാത്ത ചോദ്യമായ് എൻ മനസ്സിൽ
ഈറനണഞ്ഞു നിൽക്കുന്ന വാനവും......
ക്ഷോഭിച്ചു നിൽക്കുന്ന സൂര്യനും എൻ മനസ്സിൽ
ഞാൻ യാത്ര ചെയ്യുന്നില്ല . പക്ഷേ ,
എൻ മനസ്സ് എന്തിനോവേണ്ടി അലയുകയാണ്
എൻെറ യാത്രയ്ക്ക് എന്നെങ്കിലും അന്ത്യമുണ്ടായേക്കാം
അന്ത്യം കുറിയ്ക്കുന്നത് എൻെറ മനസ്സാണ്
ഞാനോർത്തു :
കാർമേഘങ്ങൾ എങ്ങോട്ടോ കരിവണ്ടു -
പോലെ അന്ത്യമില്ലാതെ  യാത്രചെയ്യുകയാണ്
അവരുടെ ലോകം വാനമാണ് .
ആകാശജ്വാലയിലെ അസുരൻമാരാണവർ
മാനത്തെ ഏഴാം വർണ്ണം തീർക്കുന്ന
മഴവില്ലിനെ മായ്ച്ചു കളയുകയാണ് അവർ
എനതിനാണ് ഈ യാത്ര ?
ഉത്തരമില്ലാത്ത ചോദ്യത്തിനായ്
മനസ്സെന്തിനാണിങ്ങനെ അലയുന്നത് ?
ജ്ഞീവിതം തന്നെ ഒരു യാത്രയാണ്
പുസ്തകത്തിലെ ഇതളുകളാണ് ഓരോ ജീവിതവും
യാത്ര അന്ത്യം കുറിയ്ക്കുന്നത് നമ്മുടെ മരണത്താലാണ്
അവിടെയാണ് ആ ഉത്തരമില്ലാ ചോദ്യത്തിൻെറ ഉത്തരം

കാറ്റും , കോളും , പേമാരിയും നിറഞ്ഞതാണ് ജീവിതം

യാത്രയെന്തിനാണ് ?

നമ്മുടെ ഓരോ വിലാപവും യാത്രാ പാഠമാണ് .

പർവ്വതം പോലെ ഒരു കുന്ന

യാത്രകൾ നമുക്കു ജീവിതം സമ്മാനിക്കുന്നുണ്ട്

ഓരോ യാത്രയും ഓരോ ഓർമപ്പെടുത്തലുകളാണ്

നമുക്ക് കൈവരിച്ച വിജയവും

ദു:ഖവുമാണ് ഓരോ ജീവിതത്തിലും .

ചിറകില്ലാ പക്ഷിയായ് യാത്രയാവു -

കയാണ് ഞാൻ............

എങ്ങോട്ടെന്നറിയാതെ..................

എന്തിനുവേണ്ടിയേന്നറിയാതെ..............

ഗൗരീനന്ദന.എ.എസ്



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# THANKS

Abel John

Abhinav Deepan

Sharon Pradheesh

Abhay Krishna

Romanso V R

Anwar M R

Vinay Jose

Ananthu T S

Alfred Joy

Ajay Krishna

Archa M G

Gouri Chandra

Anamika Keshav

Snehalatha K A

Varsha Jose

Saniya Jaison

Asna C A

Saniya Suresh

Riswana Sherif

Muhsina V A

Krishnendu

Gouri Nandana A.S

Krishna Priya I.R

Sneha mol K.M

Malavika

Lena K.L

Archana K.V

Aswathy A.S

Athul Krishna V



Kerala Infrastructure and Technology for Education

THANKS